# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1434** **08.02.2012-ൽ മറുപടിക്ക്**

## ശബരിമല തിരുവാഭരണ പാതയിലെ റോഡുകളുടെയും പാലത്തിന്റെയും നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം: | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) | |
| (എ) | ശബരിമല തിരുവാഭരണ പാതയിലെ പൂവത്തുംമൂട്ടിൽ നിർമ്മിച്ച പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇനിയും പൂർത്തിയാകാത്തതിനാൽ പാലത്തിന്റെ യഥാർത്ഥ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്രയാണ്; ഇതിന് ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ ചുമതലയിലാണുള്ളത്; പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 107 ലക്ഷം രൂപയാണ്. പഴയ കരാറുകാരനെ കൊണ്ടുതന്നെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതയിലെ പേരൂർച്ചാൽ കടവിൽ നിർമ്മിക്കുന്ന പാലത്തിന്റെ നിർമ്മാണം ടെൻഡർ ചെയ്തെങ്കിലും, പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; മഴക്കാലം വരുന്നതിനു മുൻപായി നദിയിൽ ചെയ്തു തീർക്കേണ്ട പ്രവൃത്തികൾ ചെയ്യാൻ കഴിയും വിധം പ്രസ്തുത പ്രവൃത്തി അഡീഷണൽ ഫണ്ടനുവദിച്ച് നിർമ്മാണമാരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ബി) | പേരൂർച്ചാൽ കടവിൽ പാലത്തിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. മഴക്കാലം വരുന്നതിനു മുമ്പ് തന്നെ നദിയിൽ ചെയ്യേണ്ട ഫൗണ്ടേഷൻ പണികൾ ചെയ്ത് തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക 6.33 കോടി രൂപയായിരുന്നു. ഈ പ്രവർത്തിയുടെ റിവൈസഡ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ശബരിമല-മണ്ണാരക്കുളഞ്ഞി പാതയിലെ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നിർമ്മിക്കുന്ന നടപ്പാലത്തിന്റെ നിർമ്മാണത്തിന്റെ അംഗീകരിച്ച എസ്റ്റിമേറ്റ് തുക എത്ര; പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | എസ്റ്റിമേറ്റ് തുക 117 ലക്ഷം. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2013 മാർച്ച് മാസം 5-ാം തീയതിയാണ്. |
| (ഡി) | ശബരിമല തിരുവാഭരണപാതയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പേങ്ങാട്ട് കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏതുവരെയായിട്ടുണ്ട്; ഡിസൈൻ പൂർത്തീകരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ ഭരണാനുമതിക്കായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | (ഡി) | ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. വിശദമായ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി DRIQ ബോർഡിൽ കൊടുത്തു ഡിസൈൻ കിട്ടിയതിനു ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | വലിച്ചാൽ പാലം നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ ; എന്നാണ് ടെൻഡർ ചെയ്തത് ; പ്രവൃത്തി ആരാണ് എടുത്തിട്ടുള്ളത്; നിർമ്മാണം ആരംഭിച്ചുവോ; കരാർ കാലാവധി എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമേ? | (ഇ) | 30.12.2012-ന് ടെണ്ടർ ചെയ്തു കഴിഞ്ഞു. മുളമൂട്ടിൽ കൺസ്ട്രക്ഷൻ ആണ് ഏറ്റെടുത്തിരിക്കുന്നത്. നിർമ്മാണം ആരംഭിച്ചു. കരാർ കാലാവധി ഒരു വർഷമാണ്. |

**സെക്ഷൻ ഓഫീസർ**